പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : നം: 1404 08.02.2013 ലെ മറുപടിയ്ക്ക്

## സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ വർക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | (ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്)<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഗവ:ൽ നിന്നും പ്രത്യേക ഉത്തരവിന്റെയടിസ്ഥാനത്തിൽ നേടിയെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തെങ്കിലും നേരിട്ട് നിർവ്വഹിക്കുന്നുണ്ടോ; | (എ) ഇല്ല. സബ് കോൺട്രാക്റ്റ് വഴിയാണ് നടത്തുന്നത്. |
| (ബി) ഏറ്റെടുക്കുന്ന എല്ലാ നിർമ്മാണ പ്രവൃത്തികളും ടെണ്ടർ നടപടി ക്രമങ്ങളിലൂടെ മാത്രം കോൺട്രാക്ടറെ കണ്ടെത്തിയാണോ നിർവ്വഹിക്കുന്നത്; | (ബി) അതെ. 07.09.2007 ലെ ജി.ഒ (പി) 408/2007/ഫിൻ.നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പ്രത്യേകം ടെണ്ടർ ചെയ്ത് ഗവണ്മെന്റ് ടെണ്ടർ കമ്മിറ്റിയുടെ അപ്രൂവൽ വാങ്ങിയശേഷമാണ് കോർപ്പറേഷനെ ഏല്പിച്ചിട്ടുള്ള പണികൾ അവാർഡു ചെയ്യുന്നത്. |
| (സി) ടെണ്ടർ വിളിക്കാതെ, കോർപ്പറേഷന്റെ പാനലിൽ ഉൾപ്പെട്ട ഏതെങ്കിലും കോൺട്രാക്ടറെക്കൊണ്ട് വർക്ക് നിർവ്വഹിപ്പിച്ചിട്ടുണ്ടോ; | (സി) ഈ വർക്കിംഗ് സീസണിൽ തന്നെ അടിയന്തിരമായി പണി നടത്തണമെന്ന പൊതു ആവശ്യം മുൻനിർത്തി ഉത്തര മേഖലയിൽപ്പെട്ട ഒരു പ്രവൃത്തി 7/9/2007 ലെ ജി.ഒ. (പി) 408/2007/ഫിൻ. അനുബന്ധം ഖണ്ഡിക V പ്രകാരം കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, ടെണ്ടർ എക്സസ് എന്നിവ ഒഴിവാക്കി 22/12/2012 ലെ ബോർഡ് തീരുമാനപ്രകാരം അപ്രൂവ്ഡ് പാനലിൽപ്പെട്ട, പ്രസ്തുത സൈറ്റിനടുത്ത് ആവശ്യമായ |

| | | |
|---|---|---|
| | | മെഷിനറികൾ സജ്ജമായിട്ടുള്ള കരാറുകാരൻ മുഖേന പ്രവൃത്തികൾ നടത്തുന്നതിനുള്ളനടപടിസ്വീകരിച്ചുവരുന്നു. |
| (ഡി) | എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് -ഏതെല്ലാം വർക്കുകളാണ് ടെണ്ടറില്ലാതെ കോൺട്രാക്ടറെക്കൊണ്ട് കോർപ്പറേഷൻ നേരിട്ട് ചെയ്യിപ്പിച്ചിട്ടുള്ളതെന്നും അവ ഓരോന്നിന്റെയും കരാർ തുക, അധിക തുക, കോൺട്രാക്ടറുടെ പേര് എന്നിവ സഹിതം വിശദമാക്കാമോ? | (ഡി) പള്ളിക്കര-പെരിയ റോഡിന്റെ കരാർ ശ്രീ. അബ്ദുള്ള കുഞ്ഞി, കാനം, തേക്കിൽ ഫെറി, കാസർഗോഡ് എന്ന കരാറുകാരന് എസ്റ്റിമേറ്റ് റേറ്റിൽ നൽകിയിട്ടുണ്ട്. ഈ വർക്കിന്റെ ഭരണാനുമതി തുക 570 ലക്ഷം രൂപയും കോൺട്രാക്ട് തുക 536.09 ലക്ഷം രൂപയുമാണ്. |

Mayed

സെക്ഷൻ ഓഫീസർ